**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 30.11.2024

# സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസറെ സാമ്പത്തിക ക്രമക്കേടിന് കഠിന തടവിന് ശിക്ഷിച്ചു

സാമ്പത്തിക ക്രമക്കേട് നടത്തിയതിന് തിരുവനന്തപുരം വാമനപുരം മുൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും നിലവിൽ പട്ടികവർഗ്ഗ വികസന വകുപ്പ് സ്പെഷ്യൽ എക്സ്റ്റൻഷൻ ഓഫീസറുമായ മാത്യു ജോർജ്ജിനെ 16 വർഷം കഠിന തടവിനും 4,60,000/-പിഴ ഒടുക്കുന്നതിനും ഇന്ന് (30.11.2024) തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചു.

മാത്യു ജോർജ്ജ് വാമനപുരം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറായിരുന്ന 2007-2009 കാലഘട്ടത്തിൽ സംയോജിത ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി വിവിധ ക്ഷേമപദ്ധതികൾക്ക് സർക്കാർ അനുവദിച്ച തുകയിൽ നിന്നും 4,39,240/- രൂപ ക്രമക്കേട് നടത്തിയ സംഭവത്തിൽ വിജിലൻസ് തിരുവനന്തപുരം യൂണിറ്റ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതി കുറ്റക്കാരനാണെന്ന് കണ്ടെത്തി വിവിധ ഇനങ്ങളിലായി 16 വർഷം കഠിന തടവിനും 4,60,000/-രൂപ പിഴ അടയ്ക്കുന്നതിനും തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷ വിധിച്ചത്. എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) ശ്രീ. രാജകുമാര.എം.വി ആണ് വിധി പുറപ്പെടുവിച്ചത്. ശിക്ഷ ഒരുമിച്ച് അനുഭവിച്ചാൽ മതിയെന്നും വിധി ന്യായത്തിൽ പറയുന്നു. വിജിലൻസിന് വേണ്ടി പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി വീണ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് വൃത്തങ്ങൾ ജനങ്ങളോട് അഭ്യർത്ഥിച്ചു.